**29.06.26**

# മിനിമം വേതന കാര്യത്തിൽ മാനേജ്മെന്റിന്റെ സുതാര്യത

- **മിനിമം വേജ് നടപ്പിലാക്കൽ:** 2018-ലെ സർക്കാർ മിനിമം വേജ് വിജ്ഞാപനം ഹൈക്കോടതി റദ്ദാക്കിയിട്ടും, പുതുക്കിയ ശമ്പളം ആദ്യഘട്ടത്തിൽ തന്നെ ജൂബിലി മിഷൻ പൂർണ്ണമായി നടപ്പിലാക്കി. പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്കും ഈ ഉയർന്ന നിരക്കിലാണ് വേതനം നൽകുന്നത്.

- **മുൻകാല കുടിശ്ശിക (Arrears):** 2017 ഒക്ടോബർ 1 മുതലുള്ള പുതുക്കിയ നിരക്കുകൾ കണക്കാക്കി വലിയൊരു തുക ജീവനക്കാർക്ക് കുടിശ്ശികയായി മാനേജ്മെന്റ് വിതരണം ചെയ്തു കഴിഞ്ഞു.

- **ഇടക്കാല ആശ്വാസ തുക (Interim Relief):** 2023 ഏപ്രിൽ മുതൽ സർക്കാരിന്റെ യാതൊരു നിർബന്ധവുമില്ലാതെ മാനേജ്മെന്റ് സ്വന്തം നിലയ്ക്ക് ശമ്പളം വർദ്ധിപ്പിക്കുകയും, ഈ തുക ഇപ്പോഴും കൃത്യമായി നൽകിവരുകയും ചെയ്യുന്നുണ്ട്.

- **വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS):** കഴിഞ്ഞ 7 വർഷമായി ബാങ്ക് അക്കൗണ്ടുകൾ വഴിയുള്ള ഡബ്ല്യു.പി.എസ് (WPS) മുഖേനയാണ് ശമ്പളം നൽകുന്നത്. ഇതിൽ യാതൊരുവിധ ക്രമക്കേടുകളും സാധ്യമല്ല.

## നിലവിലെ ശമ്പള ഘടന (Salary Structure)

ആശുപത്രിയിലെ 1,054 സ്റ്റാഫ് നഴ്സുമാരുടെ പ്രതിമാസ ശമ്പള വിവരങ്ങൾ താഴെ പറയും പ്രകാരമാണ്:

- **Rs. 45,000/- മുതൽ Rs. 65,000/- വരെ:** സീനിയർ/പരിചയസമ്പന്നരായവർ (51 പേർ)
- **Rs. 40,000/- മുതൽ Rs. 45,000/- വരെ:** മിഡ്-ലെവൽ ജീവനക്കാർ (316 പേർ)
- **Rs. 35,000/- മുതൽ Rs. 40,000/- വരെ:** ജനറൽ സ്റ്റാഫ് നഴ്സുമാർ (154 പേർ)
- **Rs. 32,718/- മുതൽ Rs. 35,000/- വരെ:** ജൂനിയർ/തുടക്കക്കാരായ ജീവനക്കാർ (533 പേർ)

## നിയമങ്ങളുടെയും കോടതി ഉത്തരവുകളുടെയും ലംഘനം

- **ലേബർ കമ്മീഷണറുടെ നടപടിക്രമങ്ങളുടെ ലംഘനം:** പുതിയ മിനിമം വേതനത്തിന്റെ കരട് വിജ്ഞാപനത്തിന്മേൽ (06.03.2026) ആക്ഷേപങ്ങൾ സമർപ്പിക്കാൻ 60 ദിവസത്തെ സമയം അനുവദിച്ചിരുന്നു. എന്നാൽ ലേബർ കമ്മീഷണറെ വെല്ലുവിളിച്ച്, വിജ്ഞാപനം വന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ UNA സമരം ആരംഭിച്ചു.
- **ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് (IRC, 2020) ലംഘനം:** നിയമപ്രകാരം തൊഴിലുടമയ്ക്ക് 6 ആഴ്ച മുൻപെങ്കിലും നോട്ടീസ് നൽകാതെയും, നോട്ടീസ് നൽകിയ ശേഷമുള്ള ആദ്യ 14 ദിവസത്തിനകവും സമരം ചെയ്യാൻ പാടില്ല. എന്നാൽ ഇവിടെ യാതൊരുവിധ നിയമപരമായ മുൻകൂട്ടി അറിയിപ്പും നൽകിയിട്ടില്ല.

- **ഹൈക്കോടതി ഉത്തരവിന്റെ ലംഘനം (WP (C) 26716/2012):** ആരോഗ്യമേഖലയിൽ ശരിയായ നോട്ടീസ് കാലാവധി നൽകാതെ സമരം ചെയ്യാൻ പാടില്ലെന്ന കോടതി ഉത്തരവ് ലംഘിക്കപ്പെട്ടു.

## വ്യാജപ്രചാരണങ്ങൾക്കെതിരെയുള്ള വ്യക്തത

- **വ്യാജപ്രചാരണം 1:** *തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്തയുടെ തീരുമാനം വന്നാലേ ഇനി നടപടികൾ ഉണ്ടാകൂ.*
  - **യാഥാർത്ഥ്യം:** തീരുമാനങ്ങൾ എടുക്കുന്നത് ഒരു വ്യക്തിയല്ല; ആശുപത്രി മാനേജ്മെന്റ് ബോർഡ് (Management Board) കൂട്ടായാണ് ഔദ്യോഗിക തീരുമാനങ്ങൾ കൈക്കൊള്ളുന്നത്.
  -
- **വ്യാജപ്രചാണം 2:** *സമരം അവസാനിപ്പിച്ച് തിരിച്ചെത്തുകയും UNA-യിൽ പ്രവർത്തിക്കില്ലെന്ന് എഴുതി നൽകുകയും ചെയ്താൽ ₹10,000 ശമ്പള വർധനവ് നൽകും.*
  - **യാഥാർത്ഥ്യം:** മാനേജ്മെന്റ് ഭാഗത്തുനിന്ന് ഇത്തരമൊരു വാഗ്ദാനവും നൽകിയിട്ടില്ല. ഇത് ജീവനക്കാർക്കിടയിൽ ചേരിതിരിവുണ്ടാക്കാൻ പ്രചരിപ്പിക്കുന്ന വ്യാജവാർത്തയാണ്.

  - **വ്യാജപ്രചാരണം 3:** "സമരത്തിൽ നിന്ന് തിരികെ കയറുന്ന നഴ്സുമാർക്ക് മാനേജ്മെന്റിന്റെ ഭാഗത്ത് നിന്ന് പീഡനങ്ങളും ചെറിയ തെറ്റുകൾക്ക് പോലും സസ്പെൻഷനും നേരിടേണ്ടി വരുന്നു."
    - സമരത്തിൽ നിന്ന് പിന്മാറി ജോലിയിൽ തിരികെ പ്രവേശിച്ച ഓരോ നഴ്സുമാരോടും നിങ്ങൾക്ക് നേരിട്ട് ചോദിച്ച് ഇത് ബോധ്യപ്പെടാവുന്നതാണ്. അവർക്കെതിരെ യാതൊരുവിധ പ്രതികാര നടപടികളോ സസ്പെൻഷനോ മാനേജ്മെന്റ് സ്വീകരിച്ചിട്ടില്ല.

    - തിരിച്ചെത്തിയ എല്ലാ ജീവനക്കാരും പൂർണ്ണ സംതൃപ്തിയോടും സന്തോഷത്തോടും കൂടിയാണ് നിലവിൽ ആശുപത്രിയിൽ ജോലി ചെയ്യുന്നത്.

- **മറ്റ് ആശുപത്രികളിൽ നിന്നുള്ള ഒഴുക്ക്**: യു.എൻ.എ. (UNA) കരാർ ഒപ്പിട്ടു എന്ന് അവകാശപ്പെടുന്ന മറ്റ് ആശുപത്രികളിൽ നിന്നുള്ള നഴ്സുമാർ പോലും, അവിടെ ലഭിക്കുന്നതിനേക്കാൾ കൂടുതൽ ശമ്പളം ജൂബിലി മിഷനിൽ ലഭിക്കുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കി കഴിഞ്ഞ 3 മാസത്തിനിടെ ഇവിടെ വന്ന് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. (ഇത്തരത്തിൽ മറ്റ് ആശുപത്രികളിൽ നിന്ന് രാജിവെച്ച് ജൂബിലി മിഷനിൽ ചേർന്ന നിരവധി നഴ്സുമാരുടെ കൃത്യമായ കണക്കുകൾ മാനേജ്മെന്റിന്റെ പക്കലുണ്ട്).

# കോർപ്പറേറ്റ് താല്പര്യങ്ങളും

- മിഷൻ ആശുപത്രികളുടെ വിശ്വാസ്യത തകർക്കാൻ വിദേശ കോർപ്പറേറ്റ്/ബിസിനസ്സ് ശൃംഖലകൾ സോഷ്യൽ മീഡിയ വഴി ശ്രമിക്കുന്നുണ്ടെന്ന് മാനേജ്മെന്റ് സംശയിക്കുന്നു.

# സമരത്തിൽ പങ്കെടുക്കുന്നവരുടെ യഥാർത്ഥ കണക്കുകൾ (Actual Statistics)

- ജൂബിലി മിഷൻ ആശുപത്രിയിൽ ആകെ ജോലി ചെയ്യുന്ന **1,139 നഴ്സുമാരിൽ 376 പേർ മാത്രമാണ് നിലവിൽ സമര രംഗത്തുള്ളത്.**
- യു.എൻ.എ (UNA) യൂണിയന്റെയും സമരത്തിലുള്ള മറ്റ് നഴ്സുമാരുടെയും ഭാഗത്തുനിന്ന് കടുത്ത സമ്മർദ്ദങ്ങളും ഭീഷണികളും ഉണ്ടായിട്ടും, ഭൂരിപക്ഷം വരുന്ന നഴ്സുമാരും അതിനെയെല്ലാം അവഗണിച്ച് ആശുപത്രിയിലെ രോഗീപരിചരണ ജോലികളുമായി മുന്നോട്ട് പോകുന്നു.

# സമരത്തിലുള്ളവരുടെ യഥാർത്ഥ ശമ്പളവിവരം

നിലവിൽ സമരത്തിലുള്ള 376 നഴ്സുമാരുടെ ശമ്പള നിരക്കുകൾ താഴെ പറയുന്ന പ്രകാരമാണ്:

- **₹32,718/-** (2024 മേയ് മാസത്തിൽ ജോലിയിൽ പ്രവേശിച്ചവർക്ക് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ ശമ്പളം)
- **₹46,358/-** (2008 മാർച്ച് മാസം മുതൽ സേവനമനുഷ്ഠിക്കുന്നവർക്ക് ലഭിക്കുന്ന ഏറ്റവും ഉയർന്ന ശമ്പളം)

# വാർഷിക ശമ്പള വർദ്ധനവ് (Yearly Hike)

സ്വകാര്യ ആശുപത്രി ജീവനക്കാർക്കായി സർക്കാർ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം വേതന വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് തന്നെ, ജൂബിലി മിഷൻ ആശുപത്രിയിലെ നഴ്സുമാർക്ക് **എല്ലാ വർഷവും കൃത്യമായി 2.5% ശമ്പള വർദ്ധനവ് (Yearly Hike) നിർബന്ധമായും മാനേജ്മെന്റ് നൽകി വരുന്നുണ്ട്.**

# 2018-ലെ മിനിമം വേജസ് പരിഷ്കരണം

സംസ്ഥാന സർക്കാർ സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ മിനിമം അടിസ്ഥാന ശമ്പളം ₹20,000 ആയി പുതുക്കി നിശ്ചയിച്ചു. ആശുപത്രികളിലെ ബെഡ്ഡുകളുടെ എണ്ണം അനുസരിച്ച് ഇതിൽ വ്യത്യാസങ്ങളുണ്ടായിരുന്നെങ്കിലും, 800-ലധികം ബെഡുകളുള്ള ആശുപത്രി എന്ന നിലയിൽ ജൂബിലി മിഷൻ 50% അധിക അലവൻസ് (Allowance) കൂടി ജീവനക്കാർക്ക് ഉറപ്പാക്കി നൽകി.

ശമ്പള വിജ്ഞാപനം പുറത്തുവന്നത് 2018 ഏപ്രിലിൽ ആണെങ്കിൽ പോലും, 2017 ഒക്ടോബർ 1 മുതലുള്ള മുൻകാല പ്രാബല്യത്തോടെയുള്ള വലിയൊരു തുക ശമ്പള കുടിശ്ശികയായി (Arrears) ജീവനക്കാർക്ക് നൽകാൻ മാനേജ്മെന്റ് തീരുമാനിക്കുകയും അത് പൂർണ്ണമായി വിതരണം ചെയ്യുകയും ചെയ്തു.

**6-6-12 ഷിഫ്റ്റ് സമ്പ്രദായം:** ജൂബിലി മിഷൻ ആശുപത്രിയിലെ നഴ്സുമാർക്കായി 6 മണിക്കൂർ, 6 മണിക്കൂർ, 12 മണിക്കൂർ എന്നിങ്ങനെയുള്ള ഷിഫ്റ്റ് രീതിയാണ് നിലവിലുള്ളത്.